## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1364** 31.10.2019 -ൽ മറുപടിയ്ക്ക്

## എസ്.സി.ഇ.ആർ.ടി, ഡയറ്റ് എന്നിവിടങ്ങളിലെ അദ്ധ്യാപക നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.ഡി.സതീശൻ** | പ്രൊഫ : സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) എസ്.സി. ഇ.ആർ.ടി, ഡയറ്റ് എന്നിവിടങ്ങളിലെ ഫാക്കൽറ്റികളുടെ നിയമനം എപ്രകാരമാണെന്നും ഇതിനായി എന്ത് മാനദണ്ഡമാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ; | എ) സ്പെഷ്യൽ റൂൾ നിലവിൽ ഇല്ലാത്തതിനാൽ ഫാക്കൽറ്റികളെ അന്യത്ര സേവന വ്യവസ്ഥയിലാണ് എസ്.സി.ഇ.ആർ.ടി യിൽ നിയമിക്കുന്നത്. ഡയറ്റ് ലക്ചർ ഫാക്കൽറ്റി നിയമനം സ്പെഷ്യൽ റൂൾ മുഖേനയാണ് നടത്തേണ്ടത്. 50% പി.എസ്.സി മുഖേനയും 50% യോഗ്യരായ സർക്കാർ സ്കൂൾ അദ്ധ്യാപകരിൽ നിന്നും ബൈട്രാൻസ്ഫർ മുഖേനയുമാണ് നിയമിക്കേണ്ടത്. എന്നാൽ നിലവിലുള്ള സ്പെഷ്യൽ റൂളിൽ നിരവധി അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനാൽ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഡയറ്റിൽ നിലവിലുള്ള ലക്ചറർ തസ്തികയിലെ ഒഴിവുകൾ താത്ക്കാലികമായി അന്യത്ര സേവന വ്യവസ്ഥയിൽ നികത്തിയിട്ടുണ്ട്. ഡയറ്റ് ലക്ചറർ തസ്തികയിൽ നിന്നുമുള്ള സ്ഥാനക്കയറ്റം വഴി സീനിയർ ലക്ചറർ തസ്തികളും, സീനിയർ ലക്ചറർ തസ്തികയിൽ നിന്നുള്ള സ്ഥാനക്കയറ്റം വഴി പ്രിൻസിപ്പാൾ തസ്തികകളിലും നിയമനം നടത്തിവരുന്നു. |
| ബി) പ്രസ്തുത സ്ഥാപനങ്ങളിലെ അദ്ധ്യാപക നിയമനങ്ങളിൽ ചില അദ്ധ്യാപക സംഘടനകൾ സ്വാധീനം ചെലുത്തുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് ഒഴിവാക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) ഇല്ല. |

| | | | |
|---|---|---|---|
| സി) | എസ്.സി.ഇ.ആർ.ടി യിലെ ഫാക്കൽറ്റി നിയമനം സംബന്ധിച്ച് സ്പെഷ്യൽ റൂൾസ് കൊണ്ടുവരുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | സി) | ഉണ്ട്; സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. |
| ഡി) | ഡയറ്റിലെ സ്പെഷ്യൽ റൂൾസ് സംബന്ധിച്ച് കോടതി വ്യവഹാരം നിലവിലുണ്ടോ; എങ്കിൽ അത് വേഗത്തിൽ തീർപ്പാക്കി നിയമനങ്ങളിൽ സ്പെഷ്യൽ റൂൾസ് ബാധകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) | ഉണ്ട്; കോടതി വ്യവഹാരം വേഗത്തിൽ തീർപ്പാക്കി ഡയറ്റിലെ നിയമനങ്ങളിൽ സ്പെഷ്യൽ റൂൾസ് ബാധകമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ